പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6519 — 03.04.2018 ന് മറുപടിയ്ക്ക്.

## ഭിന്നശേഷിക്കാർക്കായി നൈപുണ്യ വികസന പരിപാടികൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| **(എ)** ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഭിന്നശേഷിക്കാർക്കായി പ്രത്യേക നൈപുണ്യ വികസന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;<br><br>**(ബി)** ഇതിനായി ഒരുക്കിയിട്ടുള്ള അനുരൂപീകൃത കോഴ്സുകളുടേയും അവ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(എ) & (ബി)**<br><br>ഭിന്നശേഷിക്കാർക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രത്യേക നൈപുണ്യ വികസന പരിപാടികൾ നിലവിൽ ഇല്ല. എന്നാൽ ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "കൈവല്യ" പദ്ധതിയുടെ കീഴിൽ വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലനം എന്നിവ നടന്നു വരുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ